നം.കെ.എസ്.എ.പി.റ്റി.എ.പി3/815/2017 തീയതി:18.07.2017

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.06.2016 മുതൽ 21.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 ഓഡിറ്റ് എൻക്വയറി നൽകിയതിൽ 08 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.06.2017 മുതൽ 30.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.ജോർജ്.പി.മാത്യു,<br>ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ. ബി. ഹരികമാർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. അശ്വതി.വി.നായർ,<br>ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കടമ്മനിട്ട കരുണാകരൻ | 01.04.2016 മുതൽ<br>17.01.2017 വരെ |
| | ശ്രീ. കെ.ജി.സുരേഷ്കുമാർ<br>(പ്രസിഡന്റിന്റെ ചുമതല) | 18.01.2017 മുതൽ<br>19.02.2017 വരെ |
| | ശ്രീ. ശ്രീകാന്ത് കളരിക്കൽ | 20.02.2017 മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. ആർ.ശ്രീകുമാർ | 01.04.2016 മുതൽ<br>20.12.2016 വരെ |
| | ശ്രീ. ഡി. അനിൽകുമാർ | 21.12.2016 മുതൽ<br>31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം

| ക്രമ | വിഷയം | ഖണ്ഡിക |
|---|---|---|

| നമ്പർ | | നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം-2 | |
| 11 | മാന്വൽ രസീതു സൂക്ഷിപ്പിലെ അപാകതകൾ | 2-1 |
| 12 | ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ-സമയക്രമം പാലിക്കപ്പെടുന്നില്ല | 2-2 |
| 13 | വാടക സമയബന്ധിതമായി ഈടാക്കുന്നില്ല | 2-3 |
| 14 | വസ്തുനികുതി പിരിച്ചെടുക്കുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം | 2-4 |
| 15 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 2-5 |
| 16 | അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-6 |
| 17 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ-തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ബാക്കി നിൽക്കുന്നത് 146484 രൂപ | 2-7 |
| | ഭാഗം 3 | |
| 18 | എസ്. എസ്. എ വിഹിതം അടയ്ക്കൽ - എസ് .സി.പി ഫണ്ട് വകയിരുത്തി | 3-1 |
| 19 | പട്ടികജാതി യുവതീയുവാക്കൾക്കായി ആട്ടുവളർത്തൽ പദ്ധതി പി.എം.എ.വൈ. പഞ്ചായത്ത് വിഹിതം- മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-2 |
| 20 | പി.എം.എ.വൈ. പഞ്ചായത്ത് വിഹിതം- മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-3 |
| 21 | സമ്പൂർണ്ണ വൈദ്യുതീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| 22 | ഭവനപുനരുദ്ധാരണം- പ്രവൃത്തികളിലെ അപാകതകൾ | 3-5 |
| 23 | സ്വച്ഛഭാരത് മിഷൻ ഗ്രാമീൺ -സാനിട്ടറി കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-6 |
| 24 | ഐ.എസ്.ഒ സർട്ടിഫിക്കേഷനായുള്ള കർമ്മ പദ്ധതി കമ്പ്യൂട്ടർ വാങ്ങലിലൊതുങ്ങി | 3-7 |
| 25 | മരുന്നുകൾ ലഭ്യമായില്ല | 3-8 |
| 26 | പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ-മുൻ വർഷ പദ്ധതി പ്രകാരമുള്ള മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല | 3-9 |
| 27 | 10. തുടർ സാക്ഷരതാ-ഓണറേറിയം ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിക്കണം | 3-10 |
| 28 | വിവിധ ആവശ്യങ്ങൾക്കായി ലഭിച്ചതിൽ 28.58ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 3-11 |

| | | |
|---|---|---|
| 29 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് തിരികെ ലഭിച്ചില്ല | 3-12 |
| 30 | എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നില്ല | 3-13 |
| 31 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-14 |
| 32 | എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകൾ നടപ്പിലാക്കിയതിൽ അപാകത | 3-15 |
| 33 | കടമ്മനിട്ട എൽ.പി.സ്കൂൾ -ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ അനിവാര്യം | 3-16 |
| 34 | ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി- കൺവീനർ രേഖകൾ സുതാര്യമല്ല | 3-17 |
| 35 | ലൈബ്രറികെട്ടിടം നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ല | 3-18 |
| | ഭാഗം-4 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-2 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 40 | ഓഡിറ്റ് റിക്കവറി | 4-5 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 28.5.2016-ൽ ആകെ വരവു ചെലവു തുകയിൽ മാറ്റം വരുത്താതെ ഏതാനും ഇനങ്ങളിൽ മാറ്റം വരുത്തി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 24.3.2017-ലെ 7(1)-ാം നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് ബജറ്റിന് അംഗീകാരം നൽകിയിട്ടുമുണ്ട്. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 19894396 | 7278188 | | 12616208 |
| വരവ് | 94105798 | 36734543 | | 57371255 |
| ആകെ | 114000194 | 44012731 | | 69987463 |
| ചെലവ് | 110032158 | 34777897 | | 75254261 |
| നീക്കിയിരിപ്പ് | 3968036 | 9234834 | 5266798 | |

മുന്നിരിപ്പ്, വരവ് ചെലവ് തുകയിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15/05/2017 | 09.06.2017 |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതനുസരിച്ച് പരിഹരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7278188 |
| വരവ് | 36734543 |
| ആകെ | 44012731 |
| ചെലവ് | 34777897 |
| നീക്കിയിരിപ്പ് | 9234834 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | - | 8102373 | 8102373 | 7504636 | 597737 | 92.62 |
| വികസനഫണ്ട്-എസ്.സി.പി. | - | 3507864 | 3507864 | 2338915 | 1168949 | 66.68 |
| വികസനഫണ്ട്-റ്റി.എസ്.പി. | - | 387714 | 387714 | 245155 | 142559 | 63.23 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | - | 6066438 | 6066438 | 4347127 | 1719311 | 71.66 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 2554755 | 2554755 | 1768956 | 785799 | 69.24 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 4543647 | 4543647 | 4253710 | 289937 | 93.62 |
| പെർഫോമൻസ് ഗ്രാന്റ് | 1822016 | 0 | 1822016 | 1762026 | 59990 | 96.71 |
| എൻ.ആർ.ഇ. ജി.എസ് | 0 | 7119760 | 7119760 | 7118760 | 1000 | 99.99 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 136 | 105 | 1 | 30 | 77 |

## 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

(എ) പദ്ധതി നിർവ്വഹണ വിവരങ്ങൾ

| മേഖല | അംഗീകരിച്ച പ്രൊജക്ടുകൾ | | നടപ്പിലാക്കിയ പ്രൊജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 18 | 5031700 | 12 | 1669213 | 33.17 |
| സേവനം | 65 | 17226015 | 55 | 13209275 | 76.68 |

| | | | | | |
|---|---|---|---|---|---|
| പശ്ചാത്തലം | 53 | 11123244 | 38 | 8604341 | 77.35 |

(ബി) പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പേരിന് മാത്രം കൂടുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതികൾ സംബന്ധിച്ച് ചർച്ചകൾ ഒന്നും നടക്കുന്നില്ലെന്ന് മിനിട്ട്സ് ബുക്കുകൾ വ്യക്തമാകുന്നു. ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
2. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം, റോഡുകളെ ചെറിയ ഭാഗങ്ങളാക്കി മുറിച്ച് കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
3. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ചു തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.
4. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
5. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
6. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 196 | 2081760 |
| വാർദ്ധക്യകാല പെൻഷൻ | 789 | 13049370 |
| വിധവാ പെൻഷൻ | 441 | 4799150 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 101410 |
| വികലാംഗ പെൻഷൻ | 207 | 1907370 |
| തൊഴിൽ രഹിത വേതനം | 32 | 52320 |

## 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2094646 | 3767016 | 1672370 | 79 |
| നികുതിയേതര വരവുകൾ | 635613 | 524836 | 110777 | (-)17 |
| മറ്റ് വരവുകൾ | 5434530 | 6128576 | 694046 | (-)62 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2017-ൽ 11.എ.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 14994/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-06-17 മുതൽ 21-06-17 വരെ | 02/17 മുതൽ 03/17 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07/2016 | 2011-12മുതൽ 2015-16വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മാന്വൽ രസീത് സൂക്ഷിപ്പിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന മാന്വൽ രസീതുബുക്കുകളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്നവ നിർവഹണ ഉദ്യോഗസ്ഥർ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതും വിതരണം ചെയ്ത രസീതുബുക്കുകൾ എല്ലാം തന്നെ അവരിൽനിന്ന് തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഉദാഹരണമായി 14594-ാം നമ്പർ രസീതുബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, ഏത് ഉദ്യോഗസ്ഥന് വിതരണം ചെയ്തു എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഈ രസീതുബുക്ക് പഞ്ചായത്തിലെ ഒന്നിലധികം ഉദ്യോഗസ്ഥർ ഉപയോഗിച്ചിട്ടുണ്ട്. (ശ്രീമതി. ബിന്ദുശ്രീ, ശ്രീ.സുജിത് എന്നിവർ). പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന മാന്വൽ രസീതുബുക്കുകളിൽ അവ ആർക്കാണ് നൽകുന്നത് എന്ന് രേഖപ്പെടുത്തേണ്ടതും അവർ തന്നെയാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ- സമയക്രമം പാലിക്കപ്പെടുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2016-17 ൽ 213 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 9 അപേക്ഷകർ മാത്രമാണ് ഈ സമയക്രമം പാലിച്ചിട്ടുള്ളത്. ഇതിൽ നിന്നും 01.04.2016 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് മിക്ക സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾ നൽകാൻ നിർദ്ദേശിക്കേണ്ടതും അല്ലാത്തപക്ഷം പിഴപ്പലിശ ഈടാക്കേണ്ടതുമാണ്. ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി അവയിൽ നിന്നെല്ലാം ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഫീൽഡ് സ്റ്റാഫിനെ ചുമതലപ്പെടുത്തേണ്ടതാണ്.

## 2-3 വാടക സമയബന്ധിതമായി ഈടാക്കുന്നില്ല

2016-17ൽ കടമ്മനിട്ട ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടാം നമ്പർ മുറി വാടകയ്ക്കെടുത്ത ഷീബ കരുണാകരൻ, വട്ടോൺ, കടമ്മനിട്ട എന്ന വ്യക്തി 11/2016മുതൽ 3/2017വരെയുള്ള വാടക (458*5) 2290/-രൂപയും നാലാം നമ്പർ മുറി വാടകയ്ക്കെടുത്ത ബിജു വർഗ്ഗീസ്, മുരുപ്പേൽ, കടമ്മനിട്ട എന്ന വ്യക്തി 2/2017മുതൽ 3/2017വരെയുള്ള വാടക (409*2) 818/- രൂപയും പഞ്ചായത്തിൽ അടയ്ക്കാനുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ഏഴാം നമ്പർ മുറി വാടകയ്ക്കെടുത്തിരുന്ന ശ്രീ. കെ.കെ.വിജയൻ, കണ്ടംകുളത്ത്, കടമ്മനിട്ട എന്ന വ്യക്തിയിൽ നിന്ന് ഈടാക്കാനുള്ള മാർച്ച് 2013-ലെ വാടക കുടിശ്ശികയായ 700/- രൂപ ഉൾപ്പെടെ 3808/- രൂപ ഈടാക്കാനുള്ള നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. വാടക കുടിശ്ശിക ഈടാക്കിയതിനു ശേഷം

മാത്രം വാടക കരാർ പുതുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി പിരിച്ചെടുക്കുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ഓഡിറ്റോറിയങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുവാൻ ബാക്കി നിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വിശദാംശങ്ങൾ | വാർഡ് നം, കെട്ടിട നം. | ഉപയോഗ ക്രമം | തറ വിസ്തീർണ്ണം | നിർണ്ണയിക്കപ്പെട്ട വാർഷിക വസ്തുനികുതി (അർഹതപ്പെട്ട ഇളവുകൾ/വർദ്ധനവ് ഉൾപ്പടെ) | സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം 2013-14 മുതൽ ഒടുക്കുവാനുള്ള വസ്തുനികുതി (2017-18 ഉൾപ്പെടെ) |
|---|---|---|---|---|---|
| ഓർത്തഡോക്സ് പള്ളി ഓഡിറ്റോറിയം<br>നാരങ്ങാനം വെസ്റ്റ് | I/ 64 | കൺവെൻഷൻ സെന്റർ/ ഓഡിറ്റോറിയം | 321 ച.മീ | 12015 | 60075 |
| മലങ്കര കാത്തോലിക്കാ സഭ ഓഡിറ്റോറിയം | 14/283 | കൺവെൻഷൻ സെന്റർ/ ഓഡിറ്റോറിയം | 300 ച.മീ | 9240 | 46200 |
| ആകെ | | | | | 106275 |

ഈ രണ്ട് കെട്ടിടങ്ങളും അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ഓഡിറ്റോറിയം/ കൺവെൻഷൻ സെന്റർ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം 2013-14 മുതൽ യഥാക്രമം 60075 രൂപയും, 46200 രൂപയും വസ്തുനികുതി ഇനത്തിൽ ഈ സ്ഥാപനങ്ങൾ ഒടുക്കുവാനുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം-14(1) പ്രകാരം നോട്ടീസ് നൽകി വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് അടിന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-5 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ മൗണ്ട് സിയോൺ റസിഡൻഷ്യൽ സ്കൂളിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് കെട്ടിടങ്ങൾ നിയമാനുസൃതമല്ല. ടി കെട്ടിടങ്ങൾ നെൽവയൽ നികത്തി പഞ്ചായത്തിന്റെ അനുമതി കൂടാതെ പണികഴിപ്പിച്ചിട്ടുള്ളതാണ്. ഈ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിലവിൽ വസ്തുനികുതി ഈടാക്കുന്നില്ല.

സ.ഉ (എം.എസ്) നം. 150/2014/ ത.സ്വ.ഭാ.വ, തീയതി.21.08.2014 പ്രകാരം 31.03.2013 നോ അതിനു മുൻപോ ഇപ്രകാരം നടത്തിയ നിയമാനുസൃതമല്ലാത്ത നിർമ്മാണ, പുനർ നിർമ്മാണ പ്രവർത്തികൾ ക്രമപ്പെടുത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ആയതിനാൽ ടി ഉത്തരവ്, സബ് റൂൾ-4 പ്രകാരം അനധികൃത നിർമ്മാണത്തിന്റെ ഏരിയ കണക്കാക്കി ഫീസ് ഈടാക്കി വിശദമായ സ്കെച്ച്, പ്ലാൻ എന്നിവ ടൗൺ പ്ലാനറുടെ നിർദ്ദേശങ്ങൾ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിന് തടസ്സമല്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് നിയമാനുസൃതമല്ലാത്ത നിർമ്മാണമെന്ന് സൂചിപ്പിക്കുന്ന യു.എ (unauthorized) യോടൊപ്പം അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, ചട്ടം 235എഎ പ്രകാരം സാധാരണ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതും ആയതിന്റെ രണ്ടിരട്ടികൂടി ഈടാക്കേണ്ടതുമാണ്. നിയമാനുസൃതമല്ലാത്ത കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കപ്പെടുകയോ ചെയ്യുന്നത് വരെ അതിന്റെ ഉടമസ്ഥൻ ഇപ്രകാരം വസ്തു നികുതി നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കും. അതോടൊപ്പംതന്നെ ഇപ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നതിന്, ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.

മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുവടെ ചേർക്കും പ്രകാരം നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

| ക്രമ നം | തറ വിസ്തീർണ്ണം | ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് | ആകെ | റോഡ് സൗകര്യത്തിന്റെയടിസ്ഥാനത്തിലുള്ള വർദ്ധനവ് (20%) | നിർണ്ണയിക്കേണ്ട വസ്തുനികുതി | കെ.പി.ആർ ആക്ട് 235AA പ്രകാരം ഈടാക്കേണ്ട പിഴ | നിയമാനുസൃതമല്ലാത്ത കെട്ടിടമെന്ന നിലയിൽ ഈടാക്കേണ്ട വാർഷിക വസ്തുനികുതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 266 | 8/ച.മീ | 2128 | 426 | 2554 | 2554x2=5108 | 7662 |
| 2 | 105 | 8/ച.മീ | 840 | 168 | 1008 | 1008x2=2016 | 3024 |
| 3 | 1372 | 8/ച.മീ | 10976 | 2195 | 13171 | 13171x2=26342 | 39513 |
| ആകെ | | | | | | | 50199 |

മേൽ സൂചിപ്പിച്ച പ്രകാരം ഈ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കണക്കാക്കി ഇവ നിർമ്മിച്ച വർഷം മുതൽ പൊളിച്ച് മാറ്റുകയോ, ക്രമപ്പെടുത്തുകയോ ചെയ്യുന്നതുവരെ ഈടാക്കേണ്ടതാണ്.

## 2-6 അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സംസ്ഥാനത്ത് ദിനം പ്രതി വർദ്ധിച്ച് വരുന്ന അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനകളിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണം സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കാതിരിക്കുന്നത് അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതെയും, ക്രമവൽക്കരിക്കാതെയും അവ കാലക്രമത്തിൽ നിയമാനുസൃത നിർമ്മാണങ്ങളാകുന്നതിന് കളം ഒരുക്കുന്നു. ഈ സാഹചര്യം ഒഴിവാക്കുന്നതിന് 19.05.2014-ലെ 29342/ആർ.എ.1/ 2014/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല.

അനധികൃത നിർമ്മാണങ്ങളേക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചട്ടലംഘനം പരിഹരിച്ച ശേഷം നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും പൊതുജനങ്ങൾ കാണുംവിധം പ്രസിദ്ധീകരിക്കേണ്ടതുമാണ്. സെക്രട്ടറി ഓരോ മാസത്തിന്റേയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. രജിസ്റ്റർ തയ്യാറാക്കി അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് (രജിസ്റ്ററിന്റെ മാതൃക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അനധികൃത നിർമ്മാണം നടത്തിയ വ്യക്തിയുടെ പേര്, വിലാസം | സർവ്വേ നമ്പർ & വില്ലേജ് | കെട്ടിടത്തിന്റെ ഉപയോഗവും, വിസ്തീർണ്ണവും | നിലകളുടെ എണ്ണം | പെർമിറ്റ് ലഭിച്ചിട്ടുള്ള പക്ഷം അവയുടെ നമ്പർ | നിർമ്മാണ ത്തിന്റെ തരം - പുതിയത്/ കൂട്ടിച്ചേർത്തത് | ചട്ട ലംഘന ത്തേക്കുറി ച്ചുള്ള വിവരങ്ങൾ റൂൾ സഹിതം | നോട്ടീസ് നൽകിയ തീയതിയും നമ്പറും | പ്രോവിഷണൽ ഓർഡർ നൽകിയ തീയതി | തുടർ നടപടികളുടെ വിശദാംശം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

## 2-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ-തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ബാക്കി നിൽക്കുന്നത് 146484 രൂപ

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ 2005-06 മുതൽ 2013-14 വരെയുള്ള കാലയളവിലെ കാലഹരണപ്പെട്ട ഡിപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡെപ്പോസിറ്റുകളുടെ എണ്ണം | ഇനം | ആകെ തുക |
|---|---|---|---|
| 2005-06 | 18 | ഇ.എം.ഡി | 14150 |
| 2006-07 | 31 | “ | 40014 |
| 2007-08 | 03 | ” | 3900 |
| 2008-09 | 12 | “ | 48800 |
| 2011-12 | 1 | “ | 1000 |
| 2012-13 | 6 | | 31802 |
| 2013-14 | 1 | “ | 6818 |
| ആകെ | | | 146484 |

കാലഹരണപ്പെട്ടുപോയ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്. എസ്. എ വിഹിതം അടയ്ക്കൽ - എസ് .സി.പി ഫണ്ട് വകയിരുത്തി

പ്രൊജക്റ്റ് നം. S0021/17 എസ്.എസ്.എ വിഹിതം അടയ്ക്കൽ(എസ്.സി.പി)

അടങ്കൽ - 100000/-

ചെലവ് - 100000/-

ഹെഡ്മാസ്റ്റർ, ഗവ.എൽ.പി സ്കൂൾ കടമ്മനിട്ട നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടയ്ക്കൽ എന്ന പദ്ധതിക്കായി 19.12.2016 ലെ 2/2016-17 ബിൽ പ്രകാരം 100000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി.നം. 304326 തീയതി 21.12.2016 പ്രകാരം എസ്.എസ്.എയ്ക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം സംബന്ധിച്ച രേഖകൾ ലഭ്യമല്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് ഫണ്ട് വകയിരുത്തേണ്ടത്. എസ്.സി.പി ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

### 3-2 പട്ടികജാതി യുവതീയുവാക്കൾക്കായി ആട്ടുവളർത്തൽ പദ്ധതി

പ്രൊജക്റ്റ് നം. S0017/17 പട്ടികജാതി യുവതീയുവാക്കൾക്ക് ആട്ടുവളർത്തൽ പദ്ധതി

അടങ്കൽ - 555000/-

ചെലവ് - 135000/-

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പട്ടികജാതി യുവതീയുവാക്കൾക്ക് ആട്ടുവളർത്തൽ പദ്ധതിക്കായി 17.03.2017 ലെ 4/2016-17 ബിൽ പ്രകാരം 101250/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. (ആകെ ചെലവിന്റെ ബാക്കി തുകയായ 33750/- രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് 20.3.2017-ലെ 597706-ാം നമ്പർ ചെക്ക് പ്രകാരം പിൻവലിച്ചിട്ടുണ്ട്). പട്ടികജാതി യുവതീയുവാക്കൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അവർക്ക് തൊഴിൽ ലഭിക്കാനുതകുന്ന തരത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-3 പി.എം.എ.വൈ. പഞ്ചായത്ത് വിഹിതം- മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ് നം. S0149/17 പി.എം.എ.വൈ. പഞ്ചായത്ത് വിഹിതം

അടങ്കൽ - 200000/-

ചെലവ് - 200000/-

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പി.എം.എ.വൈ. പഞ്ചായത്ത് വിഹിതം അടയ്ക്കൽ എന്ന പദ്ധതിക്കായി 17.03.2017 ലെ 5/2017 നമ്പർ ബിൽ പ്രകാരം 200,000/- രൂപ (10 പേർക്ക് @ 20000) ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. 23.3.2017-ലെ 11605800015-ാം നമ്പർ രസീതു പ്രകാരം ഈ തുക ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 180,000/- രൂപയ്ക്ക് മാത്രമാണ് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്ത 20,000/- രൂപ പ്രസ്തുത പദ്ധതിക്കായി ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ആയത് ഗ്രാമപഞ്ചായത്തിൽ തിരിച്ചടയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-4 സമ്പൂർണ്ണ വൈദ്യുതീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്റ്റ് നം. S0138/17 സമ്പൂർണ്ണ വൈദ്യുതീകരണം (എസ്.സി)

അടങ്കൽ - 99864/-

ചെലവ് - 50000/-(ബിൽ നം.09/17, തീയതി.25.03.17, 13/17 തീയതി.29.03.17 )

പ്രൊജക്റ്റ് നം. S0139/17 സമ്പൂർണ്ണ വൈദ്യുതീകരണം(റ്റി.എസ്.പി)

അടങ്കൽ - 10000/-

ചെലവ് - 10000/- ( ബിൽ നം.08/17, തീയതി.22.03.17)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതികളിൽ ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നവരെല്ലാവരും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെടുന്നവരാണ് എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | ഹാജരാക്കേണ്ട രേഖ | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ. രാധാകൃഷ്ണൻ. റ്റി.കെ | എസ്.സി.സർട്ടിഫിക്കറ്റ് | 5000/- |
| 2 | ശ്രീമതി. തങ്കമണി വാസു | എസ്.സി.സർട്ടിഫിക്കറ്റ് | 5000/- |
| 3 | ശ്രീ. രാധാകൃഷ്ണൻ. | എസ്.സി.സർട്ടിഫിക്കറ്റ് | 5000/- |

| | | | |
|---|---|---|---|
| | എം. കെ | | |
| 4 | ശ്രീമതി. ഭവാനി | എസ്.സി.സർട്ടിഫിക്കറ്റ് | 5000/- |
| 5 | ശ്രീ. ഗോപാലൻ | എസ്.സി.സർട്ടിഫിക്കറ്റ് | 5000/- |
| 6 | ശ്രീമതി. ജാനമ്മ ശിശുപാലൻ | എസ്.സി.സർട്ടിഫിക്കറ്റ് | 5000/- |
| 7 | ശ്രീമതി. കൊച്ചുമോൾ.വി.ജി. | എസ്.റ്റി.സർട്ടിഫിക്കറ്റ് | 5000/- |
| 8 | ശ്രീമതി. കല്യാണി | എസ്.റ്റി.സർട്ടിഫിക്കറ്റ് | 5000/ |

ഈ ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവുതുകയായ 40000/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-5 ഭവനപുനരുദ്ധാരണം- പ്രവൃത്തികളിലെ അപാകതകൾ

പ്രൊജക്ട് നം. S0060/17 ഭവനപുനരുദ്ധാരണം

അടങ്കൽ - 1400000/-

ചെലവ് - 1350000/-

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം എന്ന പദ്ധതിയിൽ പന്ത്രണ്ടാം പദ്ധതിമാർഗ്ഗരേഖയിൽ (സ.ഉ.(കൈ)4/16/ത.സ്വ.ഭ.വ. തീയതി. 11.1.2016) നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പുനരുദ്ധാരണപ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ അളവെടുത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. ഓരോ ഇനം പ്രവൃത്തിയുടെയും മൂല്യം കണക്കാക്കി എസ്റ്റിമേറ്റ് എടുക്കാതെ പണി പൂർത്തീകരിച്ചെന്നും പ്രവൃത്തി മൂല്യം 'നിശ്ചിത തുകയായി' എന്നും ഓവർസിയർ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഓവർസിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുകയനുവദിച്ചിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. സുരേഷ് കുമാർ.വി.കെ, വടക്കത്തറ മുരുപ്പേൽ, കടമ്മനിട്ട, ശ്രീ. അനിൽകുമാർ, ഊന്നുപാറയ്ക്കൽ എന്നീ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 സ്വച്ഛഭാരത് മിഷൻ ഗ്രാമീൺ -സാനിട്ടറി കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം. S0005/17 സ്വച്ഛഭാരത് മിഷൻ ഗ്രാമീൺ -സാനിട്ടറി കക്കൂസ് നിർമ്മാണം

അടങ്കൽ - 1955800/- (വികസനഫണ്ട്- ജനറൽ)

ചെലവ് - 1947400/-

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ സ്വച്ഛഭാരത് മിഷൻ ഗ്രാമീൺ - സാനിട്ടറി കക്കൂസ് നിർമ്മാണം എന്ന പദ്ധതിയിൽ (ബിൽ നമ്പർ 4/16-17/എസ്.ബി.എം. പ്രകാരം പിൻവലിച്ച 341600/- രൂപയിൽ നിന്ന്) ഒന്നാം ഗഡു 7000രൂപ ധനസഹായം കൈപ്പറ്റിയ ശ്രീ. രാജേഷ് കുമാർ. റ്റി.ആർ, തേപ്പുകല്ലുങ്കൽ, നാരങ്ങാനം എന്ന വ്യക്തി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഐ.എസ്.ഒ സർട്ടിഫിക്കേഷനായുള്ള കർമ്മ പദ്ധതി കമ്പ്യൂട്ടർ വാങ്ങലിലൊതുങ്ങി

മികവുറ്റ സേവനം കാലവിളംബമില്ലാതെ പൗരൻമാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നാരങ്ങാനം ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. S0137/17 പ്രകാരം 300000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ സേവനപ്രദാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഐ.എസ്.ഒ നേടുന്നതിനായി രൂപീകരിച്ച ഈ പദ്ധതിയുടെ രൂപീകരണവും നിർവ്വഹണവും ഉദ്ദേശലക്ഷ്യങ്ങൾ സാധൂകരിക്കുന്നതല്ല. സ.ഉ(എം.എസ്) നം.373/13/ത.സ്വ.ഭ.വ, തീ.02.12.2013 പ്രകാരം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി പഞ്ചായത്തുകൾ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെപ്പറ്റിയും നടപടിക്രമങ്ങളെക്കുറിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് എന്ന ലക്ഷ്യം നേടുന്നതിനായി വിശദമായ പ്രോജക്ട് തയ്യാറാക്കുകയും ഐ.എസ്.ഒ കൺസൾട്ടന്റിനെ നിയമിക്കുകയുമാണ് ആദ്യപടിയായി ചെയ്യേണ്ടത്. അതോടൊപ്പംതന്നെ സ്ഥാപനത്തിന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഗുണമേൻമ നയം, ലക്ഷ്യങ്ങൾ, ഗുണമേൻമ സംവിധാനം, സേവനങ്ങൾ എന്നിവ സംബന്ധിച്ച ആധികാരിക രേഖയായ ക്വാളിറ്റി മാനുവൽ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയും വിശദമായ രൂപ രേഖ തയ്യാറാക്കാതെയുമാണ് 300000രൂപ വികസനഫണ്ട് വകയിരുത്തിയത്. ഇതിൽ 229610 രൂപ ചെലവഴിച്ച് കമ്പ്യൂട്ടറുകൾ, ലേസർ പ്രിന്റർ, ഹൈസ്പീഡ് സ്കാനർ, പ്രൊജക്ടർ എന്നിവ വാങ്ങിയിട്ടുള്ളതാണ് ആകെ നടത്തിയിട്ടുള്ള പദ്ധതി പ്രവർത്തനം. ഇവ വാങ്ങുന്നതിന് മുൻപ് നിലവിലുള്ള സേവന പ്രദാന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അധികമായി വേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് നിർണ്ണയിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഐ.എസ്.ഒ നേടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഐ.എസ്.ഒ കൺസൾട്ടന്റിന്റെ നിയമനം, പൗരസമൂഹ സർവ്വേ, റെക്കോർഡ് റൂം സജ്ജീകരണം,ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനായുള്ള ബോധവൽക്കരണ പരിപാടികൾ, തുടർ പരിശീലന പരിപാടികൾ എന്നിവയ്ക്കായുള്ള തുക പ്രോജക്ടിൽ വക കൊള്ളിക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള ഒരു പദ്ധതിയായി മാത്രം രൂപീകരിച്ച് നടപ്പാക്കിയത് തികച്ചും ഭാവനാശൂന്യമായ പ്രവർത്തിയാണ്. ഐ.എസ്.ഒ സർട്ടിഫിക്കേഷനായി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ മോണിട്ടറിംഗിനായി മേൽ സൂചിത മാർഗ്ഗരേഖ പ്രകാരം പ്രത്യേക സ്റ്റീയറിംഗ് കമ്മിറ്റി രൂപികരിക്കേണ്ടതും മാർഗ്ഗരേഖാ നിർദ്ദേശങ്ങളുൾക്കൊണ്ട് വ്യക്തമായ കാഴ്ചപ്പാടോടുകൂടി തുടർ പദ്ധതികൾ ആവിഷ്കരിച്ച് സർട്ടിഫിക്കേഷൻ നേടേണ്ടതുമാണ്.

## 3-8 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരുന്നുവാങ്ങൽ പദ്ധതിയിൽ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും 100000/- രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നം. S0061/16-17). കേരള സംസ്ഥാന ഹോമിയോപ്പതി കോർപ്പറേഷന് ബിൽ നം.01/16-17, തീയതി 31.01.2017 പ്രകാരം 100000/- രൂപ നൽകിയെങ്കിലും നാളിതുവരെ മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിന് രേഖാമൂലം കോർപ്പറേഷനുമായി ബന്ധപ്പെടേണ്ടതും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ-മുൻ വർഷ പദ്ധതി പ്രകാരമുള്ള മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല

പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് അവശ്യ മരുന്നുകൾ വാങ്ങുന്നതിനായ് 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ പദ്ധതികൾ രൂപീകരിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് തുകയടച്ചെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | സാമ്പത്തിക വർഷം | മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ തുക | ഡി.ഡി / ബിൽ നം. | ലഭിച്ച മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| S00116/16 | 2015-16 | 150000 | 687063, 17.03.16 | 84169 |
| S0074/17 | 2016-17 | 100000 | 304335, 21.12.16 | മരുന്നുകളൊന്നും ലഭിച്ചിട്ടില്ല |

2015-16 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം അടച്ച 150000 രൂപയിൽ 65831 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്, തൻവർഷം അടച്ച തുകയായ 100000 രൂപയുടെ മരുന്നുകളിൽ ഒന്നുപോലും ലഭിച്ചിട്ടില്ല. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള അകാരണമായ കാലതാമസം മൂലമുണ്ടായ അവശ്യ മരുന്നുകളുടെ ക്ഷാമം ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കോർപ്പറേഷനുമായി ബന്ധപ്പെട്ട് മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-10 തുടർ സാക്ഷരതാ-ഓണറേറിയം ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിക്കണം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിരന്നകാല, കടമ്മനിട്ട എന്നീ തുടർവിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക്മാർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയ ഇനത്തിൽ ചെലവഴിച്ച തുകയിൽ 101076 രൂപ ജില്ലാ മിഷനിൽ നിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2015-16 വർഷാന്ത്യത്തിൽ ജില്ലാ മിഷനിൽ നിന്നും ലഭിക്കാനുണ്ടായിരുന്ന തുക | 141200 |
| 2016-17 ൽ ഓണറേറിയം നൽകുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 101076 |
| ജില്ലാ മിഷനിൽ നിന്നും തൻവർഷം ലഭിച്ച തുക | 141200 |
| വർഷാന്ത്യത്തിൽ ലഭിക്കുവാനവശേഷിക്കുന്ന തുക | 101076 |

ജില്ലാ മിഷനിൽനിന്നും 101076 രൂപ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽനിന്നും ഈ ആവശ്യത്തിന് ചെലവഴിച്ച തുക ക്രമീകരിക്കേണ്ടതാണ്.

## 3-11 വിവിധ ആവശ്യങ്ങൾക്കായി ലഭിച്ചതിൽ 28.58ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

മുൻവർഷങ്ങളിലേതുൾപ്പെടെ വിവിധ പദ്ധതികൾക്കായി ലഭിച്ചതിൽ 28.58 ലക്ഷം രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു. അംഗൻവാടി പൂരകപോഷഹാകാരം, കായിക വികസനം, ശുചീകരണപ്രവർത്തനങ്ങൾ തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾക്കായി ലഭിച്ച തുകയാണിത്. ഇത്തരം ആവശ്യങ്ങൾക്ക് ലഭിച്ച തുക യഥാസമയം ചെലവഴിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

| ഫണ്ടിനം | തുക |
|---|---|
| പൂരകപോഷഹാകാര പദ്ധതി (ബ്ലോക്കിൽ നിന്ന് ലഭിച്ചത്) | 220164 |
| പൈക്ക | 290000 |
| ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക (ഒ.ഡി.എഫ്) | 1914696 |
| നിർമ്മൽ പുരസ്കാര തുക | 388218 |
| ഗുണഭോക്തൃവിഹിതം (മുൻവർഷബാക്കി- ഇനം വ്യക്തമല്ല) | 25075 |

| | |
|---|---|
| ലഹരിവിമുക്ത പദ്ധതി- എക്സൈസ് വകുപ്പിൽ നിന്നും ലഭിച്ചത് | 20000 |
| ആകെ | 2858153 |

ടി തുകകൾ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബാക്കി തുക തിരികെ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-12 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുകകൾ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. എന്നാൽ 2016-17 വർഷം താഴെപറയുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ തിരികെ വാങ്ങാൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ തുക വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | ടെണ്ടർഫീസ് |
|---|---|
| S.186/16(SO.7/17)- ലൈബ്രറി കെട്ടിടനിർമ്മാണം | @5250 (4ടെണ്ടറുകൾ) |
| S.127/17- കല്ലേലി ജംഗ്ഷൻ-കഴിക്കാലാ റോഡ് റീടാറിംഗും ഐറിഷ് ഡ്രെയിനും. | @1800 (2ടെണ്ടറുകൾ) |
| S.79/17- കല്ലൂർമുക്ക്-പ്ലാക്കൽ കടിലുകുഴി റോഡ് റീടാറിംഗ്. | 900 (1ടെണ്ടർ) |

## 3-13 എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നില്ല

2016-17വർഷം അംഗീകാരം ലഭിച്ച് എഗ്രിമെന്റ് വെച്ച 14 മരാമത്തുപ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. ഇതിൽ രണ്ടെണ്ണം സ്പിൽഓവർ പ്രൊജക്ടുകളായിരുന്നു. എഗ്രിമെന്റ് വെച്ചിട്ടും നിർവ്വഹിക്കാതിരുന്ന പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കൺവീനർ/ കരാറുകാരൻ | എഗ്രിമെന്റ് നം./തീയതി |
|---|---|---|---|
| 1 | SO.10/17- കടമ്മനിട്ട ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ പൈക്ക ഫണ്ട് ഉപയോഗിച്ച് കളിസ്ഥല നിർമ്മാണം. | ജിനി രതീഷ് | 30.1.16 |
| 2 | SO.13/17- മാട്ടുമേച്ചിൽ സെറ്റിൽമെന്റ് കോളനി സംരക്ഷണഭിത്തി നിർമ്മാണം. | സജീവ്,<br>മാട്ടുമേച്ചിൽ | 6.2.15 |
| 3 | S.93/17- കടിലുകുഴി എം.ആർ.ഡി.സി റോഡ് സംരക്ഷണഭിത്തി നിർമ്മാണം. | പി.ഡി.വർഗീസ്,<br>പ്ലാക്കൽ | 17.1.17 |
| 4 | S.101/17- മാണിക്കളം വഴിത്താനം കല്ലേലി നടപ്പാത കോൺക്രീറ്റിംഗ്. | സുജിതാ സുരേന്ദ്രൻ,<br>വഴിത്താനത്ത് | 7.3.17 |
| 5 | S.116/17- നിരവത്ത് ഐക്കരപ്പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം. | രഞ്ജിനി കൃഷ്ണകുമാർ,<br>നാരകത്തിനാകുഴിയിൽ | 2.2.17 |
| 6 | S.118/17- ആലുങ്കൽ മുസ്ലീം പള്ളിപ്പടി നല്ലാനിക്കുന്ന് റോഡ് കലുങ്ക് നിർമ്മാണം. | അനിൽകുമാർ, | 18.2.17 |

| | | | |
|---|---|---|---|
| | | മങ്ങാരം | |
| 7 | S.121/17- തറഭാഗം അംഗൻവാടി മെയിന്റനൻസ് | ലതിക.പി.ജി, മുദ്ദൽ നിവാസ് | 21.3.17 |
| 8 | S.122/17- തോന്ന്യാമല അംഗൻവാടി മെയിന്റനൻസ്. | ജലജാ കുമാരി, കാവുപറമ്പിൽ | 3.2.17 |
| 9 | S.123/17- കല്ലേലി പി.എച്ച്.സി കെട്ടിട അറ്റകുറ്റപ്പണി. | ഫിലിപ്പ് അഞ്ചാനി, അഞ്ചാനിയിൽ | 6.3.17 |
| 10 | S.124/17- ആയുർവ്വേദാശുപത്രി അറ്റകുറ്റപ്പണി. | അജയരാജ്, രാജ്നിവാസ് | 28.2.17 |
| 11 | S.125/17- കൃഷിഭവൻ സ്റ്റെയർകേസ് നിർമ്മാണം. | രഞ്ജിത്കുമാർ, വലിയമലയിൽ | 23.2.17 |
| 12 | S.130/17- മരുതിമൂട് വേക്കൽ റോഡ് സംരക്ഷണഭിത്തി നിർമ്മാണം. | വി.ജെ.സാമുവേൽ, വേക്കൽ | 6.3.17 |
| 13 | S.135/17- കിഴവറപ്പടി കാലായിപ്പടി റോഡ് സംരക്ഷണഭിത്തി. | രാജേന്ദ്രൻനായർ, കിഴവറ മേലേതിൽ | 7.3.17 |
| 14 | S.151/17- കടമ്മനിട്ട മാർക്കറ്റിൽ വയോജന വിശ്രമകേന്ദ്രം സ്ഥാപിക്കൽ. | വിജയൻ ആചാരി, പൂവത്തുംതടത്തിൽ | 28.3.17 |

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാഞ്ഞതിന്റെ കാരണം വ്യക്തമല്ല. യഥാസമയം ഗുണഭോക്തൃസമിതികൾ വിളിച്ചുകൂട്ടാത്തതും, എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം വരുത്തുന്നതും, എഗ്രിമെന്റിൽ പൂർത്തീകരണകാലാവധി കൃത്യമായി രേഖപ്പെടുത്താത്തതും, കാലതാമസത്തിന് ഫൈൻ ഈടാക്കാത്തതുമെല്ലാം ഇപ്രകാരം കരാറുകാർ/ കൺവീനർമാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരിക്കാൻ കാരണമാകുന്നു എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ യഥാസമയം കൃത്യമായി പാലിക്കുന്നതിനും, എഗ്രിമെന്റിൽ പൂർത്തീകരണകാലാവധി കൃത്യമായി രേഖപ്പെടുത്തുന്നതിനും, കാലതാമസത്തിന് ഫൈൻ ഈടാക്കുന്നതിനും അസി.എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-14 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. റോഡിതര ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാൻ എന്നാൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായി നടത്തുന്ന അറ്റകുറ്റപ്പണികൾ എന്ന് മാത്രമല്ല അർത്ഥമാക്കുന്നത്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള പ്ലാൻ എന്നാണ് അർത്ഥമാക്കേണ്ടത് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ:11.1(x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം-11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപീക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 6 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. (പ്രോജക്ട് നം. S.121/17, 122/17, 123/17, 124/17, 125/17, 126/17) അംഗനവാടികളുടെ അറ്റകുറ്റപ്പണികൾ, പി.എച്ച്.സി. ആയുർവ്വേദ ആശുപത്രി, കൃഷിഭവൻ എന്നിവയുടെ കെട്ടിട അറ്റകുറ്റപ്പണികൾ മുതലായവ തൻവർഷം നടപ്പാക്കാൻ സാധിച്ചിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 1765799 രൂപ യഥാസമയം ചെലവഴിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ബാക്കി തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 20 | 3534755 | 14 | 1768956 | 1765799 | 50.04 |

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-15 എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകൾ നടപ്പിലാക്കിയതിൽ അപാകത

എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്ന നിബന്ധനകൾ വേണ്ടവിധം പാലിക്കപ്പെട്ടിട്ടില്ല. [സ.ഉ.(എം.എസ്.) നം.4/2016/ത.സ്വ.ഭ.വ/ തീയതി-11.01.2016, ഖ:-12.1). എസ്.സി.പി./ ടി.എസ്.പി.പദ്ധതികളിൽ കുടുംബ കേന്ദ്രീകൃത സമീപനത്തിൽ (Household centred approach) ഓരോ കുടുംബത്തിന്റെയും സാമൂഹിക-സാമ്പത്തിക വികസനത്തിനാണ് ഊന്നൽ നൽകേണ്ടതെന്നും, എസ്.സി.പി./ടി.എസ്.പി. സമഗ്ര സർവ്വേയുടെ ഡാറ്റ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം എസ്.സി.പി./ടിഎസ്.പി. പ്രോജക്ടുകൾ തയ്യാറാക്കേണ്ടതെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചല്ല പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് സ്ഥാപനതലത്തിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്നും, നിരീക്ഷണ കമ്മിറ്റികൾ നടത്തുന്ന നിർവ്വഹണ പുരോഗതിയോഗത്തിന്റെ മിനിട്സ് തദ്ദേശ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച ചെയ്ത നടപടി ആവശ്യമെങ്കിൽ സ്വീകരിക്കണമെന്നുമുള്ള നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. തൻവർഷം എസ്.സി.പി. ഫണ്ട് 45.9%-ഉം, ടി.എസ്.പി ഫണ്ട് 63%-ഉം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 കടമ്മനിട്ട എൽ.പി.സ്കൂൾ -ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഏക സർക്കാർ എൽ.പി.സ്കൂളായ കടമ്മനിട്ട എൽ.പി.സ്കൂളിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ അനിവാര്യമാണ്. തൻവർഷം പ്രൊജക്ട് നം.SO.11/17 പ്രകാരം 296672രൂപ ചെലവഴിച്ച് സ്കൂളിന് ഒരു കവാടം നിർമ്മിച്ചിട്ടുണ്ടെങ്കിലും സ്കൂളിന്റെ അകവശം ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. ഓടുകൾ പലയിടത്തും പൊട്ടിയിരിക്കുന്ന അവസ്ഥയിലാണ്. ഓടിനു താഴ് വശത്തായി പി.വി.സി സീലിംഗ് ചെയ്തിരിക്കുന്നതിനാൽ ഏതു ഭാഗത്താണ് പൊട്ടൽ ഉണ്ടായിരിക്കുന്നത് എന്ന് അറിയുന്നതിനു പോലും സാധിക്കുന്നില്ല. പഞ്ചായത്തുപരിധിയിലെ ജനങ്ങൾക്ക് ആശ്രമായിരിക്കുന്ന ഏക സർക്കാർ പ്രൈമറി വിദ്യാലയത്തിൽ കുട്ടികൾക്ക് സുരക്ഷിതമായും സുഖകരമായും ഇരുന്ന് പഠിക്കുന്നതിന് വേണ്ടതായ സൗകര്യങ്ങൾ ഒരുക്കുക എന്നത് പഞ്ചായത്തധികാരികളുടെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമാണ്. സ്കൂൾ പരിസരം കാടുപിടിച്ച് കിടക്കുന്ന അവസ്ഥയിലുമാണ്. പാചകപ്പുരയുടെ ചുറ്റുപാടും മാത്രമല്ല, കുട്ടികൾക്ക് കളിക്കാനുള്ള കളിസ്ഥലവും കാടുപിടിച്ച് കിടക്കുന്നതിനാൽ കുട്ടികളെ സ്കൂളിനു പുറത്തേക്ക് വിടുന്നതിനു തന്നെ അദ്ധ്യാപകർക്ക് ഭയമാണ് എന്ന് ഓഡിറ്റിൽ നേരിട്ട് മനസ്സിലാക്കി. സ്കൂളിന്റെ അതിരുകളും വേർതിരിച്ച് സംരക്ഷിച്ചിട്ടില്ല. മേൽവിഷയങ്ങളിൽ പഞ്ചായത്ത് ഭരണസമിതിയും, ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല എന്ന് വ്യക്തമാകുന്നു. SSA ജനറൽ, എസ്.സി.പി. പദ്ധതികളിലായി തൻവർഷം 200000/- രൂപ SSA വിഹിതമായി ഒടുക്കിയിട്ടുണ്ട്. വർഷം തോറും ഇപ്രകാരം ലക്ഷക്കണക്കിന് രൂപ SSA യ്ക്ക് നൽകുന്നുണ്ടെങ്കിലും സ്കൂളിന്റെ മെയിന്റനൻസിനായി SSAയിൽ നിന്നും ഒരു നടപടിയും സ്വീകരിക്കുന്നുമില്ല. SSA ഫണ്ട് ഗ്രാമപഞ്ചായത്തിലെ സ്കൂളിനായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഈ സാഹചര്യത്തിൽ, സ്കൂളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സ്കൂൾ പരിസരം വൃത്തിയാക്കുന്നതിനും, എൽ.പി.സ്കൂളിന്റെ വസ്തുവകകൾ കൈയ്യേറാനുള്ള സാധ്യത ഒഴിവാക്കുന്നതിനും ഭരണസമിതിയും സ്റ്റാൻഡിംഗ് കമ്മറ്റിയും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-17 ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി- കൺവീനർ രേഖകൾ സുതാര്യമല്ല

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1 /13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം-13(6) പ്രകാരം, പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതുമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, ഗ്രാമപഞ്ചായത്തിൽ മരാമത്തുപ്രവൃത്തികളുടെ നിർവ്വഹണത്തിൽ മേൽപറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. മുൻവർഷ റിപ്പോർട്ടുകളിലും ഈ വിഷയം ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണെങ്കിലും ഇപ്പോഴും പ്രസ്തുത അപാകതകൾ തുടരുന്നു. വ്യാജമസ്റ്റർ റോൾ, വ്യാജബില്ലുകൾ എന്നിവ ഫയലിനോടൊപ്പം ഹാജരാക്കുന്നത് IPC Section 415, 420 എന്നിവ പ്രകാരം ക്രിമിനൽ കുറ്റമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറും ഭരണസമിതിയും അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-18 ലൈബ്രറികെട്ടിടം നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | S.186/16(SO.7/17) |
| അടങ്കൽ തുക | രൂ. 23,53,000 (ലോകബാങ്ക് സഹായം) |
| കരാറുകാരൻ | ശ്രീ. എൻ.പി.ഗോപാലകൃഷ്ണൻ |

| | |
|---|---|
| ചെലവുവിവരം | പാർട്ട് ബിൽ തീയതി 30.3.16- രൂ. 530984<br>ഫൈനൽ ബിൽ നം.4/20.2.17- രൂ. 1630026<br>2161010 |

8.1.16-ൽ എഗ്രിമെന്റ് വെച്ച് 5.10.16-ൽ നിർമ്മാണം പൂർത്തികരിച്ച പഞ്ചായത്ത് ലൈബ്രറി കെട്ടിടത്തിൽ നാളിതുവരെയായിട്ടും ലൈബ്രറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വൈദ്യുതീകരണ പ്രവൃത്തികൾ നാളിതുവരെയായിട്ടും നിർവ്വഹിക്കാഞ്ഞതിനാലാണ് പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തത്. കെട്ടിടത്തിന്റെ എസ്റ്റിമേറ്റിൽ ലംപ്സം തുക വകയിരുത്തിയിരുന്നെങ്കിലും, ഇലക്ട്രിഫിക്കേഷന് 132000രൂപയുടെ ഡീറ്റെയ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി തുക പത്തനംതിട്ട പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷനിൽ ഒടുക്കിയത് 3/2017-ൽ മാത്രമാണ്. കെട്ടിടനിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നതോടൊപ്പം തന്നെ ഇലക്ട്രിഫിക്കേഷനുള്ള നടപടികൾ ആരംഭിച്ചിരുന്നുവെങ്കിൽ 2016-17സാമ്പത്തികവർഷം തന്നെ ലൈബ്രറിയുടെ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുമായിരുന്നു. എന്നാൽ പഞ്ചായത്തധികാരികൾ ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല എന്ന് വ്യക്തമാണ്. കെട്ടിടം പണിതിട്ടും ഇതുവരെയായും ഉപയോഗിക്കാൻ സാധിക്കാതിരുന്നത് ഗൗരവമായി കാണേണ്ടതാണ്. ഭരണസമിതി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും ലൈബ്രറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക, ബിൽ നം | പൂർത്തീകരിച്ച വിവരം |
|---|---|---|---|
| പൊതുമരാമത്ത്, ഇലക്ട്രിക്കൽ വിഭാഗം | നാരങ്ങാനം ഗ്രാമപഞ്ചായത്തിന് ലൈബ്രറി കെട്ടിടം വൈദ്യുതികരണം | 132000,<br>23/16-17 dtd.27.03.17 | പൂർത്തീകരിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 262395/-<br>24/16-17 dtd.27.03.17<br>198135/-<br>28/16-17 dtd.31.03.17 | പൂർത്തീകരിച്ചിട്ടില്ല |
| പൊതുമരാമത്ത്, ഇലക്ട്രിക്കൽ വിഭാഗം | ആലുങ്കൽ മൃഗാശുപത്രി വൈദ്യുതികരണം | 112000/-<br>17/16-17 dtd.27.02.17 | പൂർത്തീകരിച്ചിട്ടില്ല |
| പൊതുമരാമത്ത്, ഇലക്ട്രിക്കൽ വിഭാഗം | വിവിധ അങ്കണവാടികൾക്ക് വയറിംഗ് | 113000/-<br>14/16-17 dtd.21.02.17 | പൂർത്തീകരിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 190000/-<br>11/16-17 | പൂർത്തീകരിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | | dtd.01.02.17 | |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2012-13 | 3-1(5) | 6824 | ശ്രീമതി. സുജ.എസ് (അസി.എൻജിനീയർ) | 11602100926/05.06.16 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 (പ്രവർത്തനാവലോകന റിപ്പോർട്ട്) | 7.5-2,9 | 2014-15 | | മൃഗാശുപത്രിയിൽ ആവശ്യത്തിന് മരുന്ന് ലഭ്യമല്ല, ടൈവിസ് സ്ഥാപിച്ചിട്ടില്ല | ആവശ്യ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്, സ്ഥല പരിമിതി മൂലം ടൈവിസ് സ്ഥാപിച്ചിട്ടില്ല |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 44012731 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34777897 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40000 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 40000 | ശ്രീ. മുഹമ്മദ് ആസിഫ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 40000 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹമ്മദ് ആസിഫ്, വി.ഇ.ഒ, നാരങ്ങാനം | വി.ഇ.ഒ, നാരങ്ങാനം | അയിഷ മൻസിൽ, മങ്ങാരം.പി.ഒ, പന്തളം |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 1996-97(വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/352/2008 തീയതി 29-04-2009 | മുഴുവൻ ഖണ്ഡികകളും |
| 1996-97(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/9/1998 തീയതി 09-10-2000/27-02-2001 | 2 |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/316/1999 തീയതി 10-01-2000 | 5 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/473/1998 തീയതി 04-02-1999 | 3 |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/354/2008 തീയതി 29-04-2009 | 3 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/778/99തീയതി 09-03-2000 | മുഴുവൻ ഖണ്ഡികകളും |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/460/2009 തീയതി 16-03-2010 | 1 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/353/2002തീയതി 13-11-2002 | 17 |
| 2001-02 | എൽ.എഫ്.പി.റ്റി.എ- | |

| | | |
|---|---|---|
| (ചെലവ്) | പി.11/717/2009 തീയതി 20-03-2010 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/325/2004തീയതി 20-03-2005 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി3/452/2005തീയതി 24-08-2005 | |
| 2002-03 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 3/453/2006 തീയതി 27-08-2006 | |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി11/718/2009 തീയതി 20-03-2010 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി11/250/2008 തീയതി 31-12-2008 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി11/635/2009തീയതി 27-02-2010 | 7 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/636/2009 തീയതി 27-02-2010 | 1 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.11/701/2009 തീയതി 03-05-2010 | 7 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി11/750/09 തീയതി 13-04-2010 | 42 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/237/12 തീയതി 28-05-2012 | മുഴുവൻ ഖണ്ഡികകളും |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 6/232/12 തീയതി 26-05-2012 | മുഴുവൻ ഖണ്ഡികകളും |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ-പി 12/967/2013 തീയതി 17-01-2014 | മുഴുവൻ ഖണ്ഡികകളും |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 5/116/15 തീയതി 04-06-2015 | മുഴുവൻ ഖണ്ഡികകളും |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ പി12/310/16 തീയതി:22-03-2016 | മുഴുവൻ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി12/1453/16 തീയതി.21.01.2017 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട ജില്ല

# Annexure – 1

# CERTIFICATE

No.KSAPTA-P3/815/17 Dated 18.7.2017

Certified that I have examined the Annual Financial Statement of Naranganam Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Naranganam Grama Panchayat for the year 2016-17 except the observations in my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി3/815/17 തീയതി 18.7.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട